**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2312** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2023-ൽ ഫണ്ട് അനുവദിച്ച ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | ഗുരുവായൂർ സർക്കാർ ആയുർവേദ ആശുപത്രിയിലെ പുതിയ കെട്ടിട നിർമാണത്തിനായി 2023-24 സാമ്പത്തിക വർഷം ആയുഷ് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 2,11,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കേണ്ടത് പൊതുമരാമത്ത് വകുപ്പ് മുഖാന്തിരമാണ്. പ്രസ്തുത പ്രവൃത്തിയ്ക്കായുള്ള ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്,പ്ലാൻ എന്നിവ തായ്യാറാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഭാരതീയ ചികിത്സാ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും തുടർനടപടികൾ സ്വീകരിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | ഗുരുവായൂർ ആയുർവേദാശുപത്രിക്ക് 2023-ൽ ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 2.11 കോടി രൂപ ആശുപത്രി കെട്ടിട നിർമ്മാണത്തിന് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഗുരുവായൂർ സർക്കാർ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി അടങ്കൽ തുകയായ 400 ലക്ഷം രൂപയിൽ, ആദ്യ ഘട്ടമായി 2,11,50,000/- രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിലെ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചത്. ടി ആശുപത്രിയുടെ കെട്ടിട നിർമാണത്തിന്റെ പ്രവർത്തനങ്ങളിൽ ഫൗണ്ടേഷന്റെ ഭാഗമായി പൈൽ ഫൗണ്ടേഷൻ ചെയ്യുന്നതിന് ആകെ 104 പൈൽ ആവശ്യമാണെന്നും ഇപ്പോൾ ലഭ്യമായിരിക്കുന്ന പ്ലാൻ ഫണ്ടിലേയും, 2017-18 സാമ്പത്തിക വർഷത്തെ ബഹു. ഗുരുവായൂർ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി പ്രകാരം ലഭ്യമായ 72,62,000/- രൂപയും വിനിയോഗിച്ച് ആകെ 55 പൈലുകളുടെ നിർമ്മാണം മാത്രമാണ് പൂർത്തീകരിക്കാൻ സാധിക്കുന്നതെന്ന് ചാവക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ ഉപയോഗിച്ച് ഫൗണ്ടേഷൻ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പൂർണ്ണമായി ചെയ്യുന്നതിന് അപര്യാപ്തമാണെന്നാണ് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ